# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 713      11.06.2014 ൽ മറുപടിക്ക്

## ഞാറയ്ക്കൽ സർക്കാർ ആശുപത്രി താലൂക്ക് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഞാറയ്ക്കൽ സർക്കാർ ആശുപത്രി താലൂക്ക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ 'ഗോശ്രീ ഐലന്റ് ഡവലപ്പ്മെന്റ് അതോറിറ്റി' എന്ന ഏജൻസിയെ സർക്കാർ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ | (ബി) | പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. |
| (സി) | ആശുപത്രി കെട്ടിടംപോലുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ? | (സി) | GIDA ഫണ്ട് ഉപയോഗിച്ച് ഏകദേശം 5 കോടി രൂപയ്ക്ക് ചികിത്സാ യൂണിറ്റുകൾ, ലാബ്, എക്സ്‌റേ, ഇ.സി.ജി എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ